## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7068

16.07.2012-ലെ മറുപടിക്ക്.

### ഹൈസ്ക്കൂൾ അദ്ധ്യാപകർക്കായുള്ള എലിജിബിലിറ്റി പരീക്ഷ

| ചോദ്യം<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഹൈസ്ക്കൂൾ വിഭാഗം അദ്ധ്യാപകർക്ക് ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;<br>(ബി) എങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്ന് വ്യക്തമാക്കുമോ; | (എ) & (ബി)<br>ഉണ്ട്; 01.10.2011-ലെ ജി.ഒ.(പി)199/11/പൊ.വി.വ. മുഖേന ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് ഹൈസ്ക്കൂൾ ടീച്ചർമാർക്ക് ബാധകമാക്കിയിട്ടുണ്ട്. ഉത്തരവു തീയതി മുതൽ ഇതിന് പ്രാബല്യമുണ്ട്. |
| (സി) ഏതെല്ലാം യോഗ്യതകൾ ഉള്ളവരെയാണ് റ്റി.ഇ.റ്റി.യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) സെൻട്രൽ ടി.ഇ.ടി., സെറ്റ്, നെറ്റ്, എംഫിൽ/പി.എച്ച്.ഡി. തുടങ്ങിയ യോഗ്യതകളുള്ള അദ്ധ്യാപകരെ കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കാൻ 06.06.2012-ലെ 31904/ജെ2/12/പൊ.വി.വ. നമ്പർ സർക്കുലർ മുഖേന നിർദ്ദേശിച്ചിട്ടുണ്ട്. |

(ഡി) എം.എഡ്. യോഗ്യതയുള്ളവരെ ടി.ഇ.ടി-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എം.എഡ്. യോഗ്യതയുള്ളവരെ ടി.ഇ.ടി-ൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) എം.എഡ് . യോഗ്യതയുള്ളവരെ സെറ്റ് പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ബി.എഡ്. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നവരുടെ യോഗ്യത എം.എഡ്. ആണെന്നിരിക്കെ എം.എഡ്. യോഗ്യതയുള്ളവർക്ക് ഹൈസ്ക്കൂൾ വിഭാഗം വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ ടി.ഇ.ടി. നിർബന്ധമാക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ?

(ഡി), (ഇ), (എഫ്) & (ജി)

എം.എഡ്. യോഗ്യതയുള്ളവരെ ടി.ഇ.ടി. യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കുന്നകാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ